# പതിമൂന്നാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2486     14.12.2015 ൽ മറുപടിയ്ക്ക്

## കേരള ഹെൽത്ത് റിസർച്ച് & വെൽഫയർ സൊസൈറ്റിയിലെ കരാർ നിയമനം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും, കുടുംബക്ഷേമവും, ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള ഹെൽത്ത് റിസർച്ച്&വെൽഫയർസൊസൈറ്റിയിൽ, കരാർഅടിസ്ഥാനത്തിലും, ദിവസവേതനാടിസ്ഥനത്തിലും എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള ഹെൽത്ത് റിസർച്ച് & വെൽഫയർ സൊസൈറ്റി-ന്റെ വിവിധ യൂണിറ്റുകളായ കാത്ത് ലാബ്, പേ വാർഡ്, ഏ.സി.ആർ ലാബ് എന്നിവയുടെ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനു വേണ്ടി സ്ഥിരം ജിവനക്കാരുടെ അഭാവത്താൽ താൽക്കാലികമായി കരാർ അടിസ്ഥാനത്തിൽ 110 പേരെയും ദിവസവേതനാടിസ്ഥനത്തിൽ 49 പേരെയും കാലാകാലങ്ങളിൽ നിയമിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത നിയമനം നടത്തുന്നതിന് സൊസൈറ്റിയ്ക്ക് അനുമതി നൽകിയിട്ടുണ്ടോ; | (ബി) | സൊസൈറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനു വേണ്ടി സൊസൈറ്റിയുടെ സർവ്വീസ് ചട്ടം 9 (b) ക്കു വിധേയമായി പത്രപരസ്യം നടത്തിയോ ഗവേണിംഗ് ബോഡി നിശ്ചയിക്കുന്ന മറ്റു മാർഗ്ഗങ്ങളിലൂടെയോ നേരിട്ട് നിയമനം നടത്തി വരുന്നു. |
| (സി) | അപ്രകാരം നിയമിതരായവരുടെ പേര് വിവരങ്ങൾ മേഖലയും തസ്തികയും തിരിച്ച് വ്യക്തമാക്കുമോ; | (സി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ